**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2748** **03-08-2021 - ൽ മറുപടിയ്ക്ക്**

**വിഷരഹിതമായ പഴവർഗ്ഗങ്ങളും പച്ചക്കറികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുന്നതിനായി ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കാൻ സർക്കാർ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ കർഷകർക്ക് വിത്തുമുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 7445 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവഴി ഈ സാമ്പത്തിക വർഷം 1.22 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും 18.3 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പദ്ധതി പ്രവർത്തനം നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ (ഫണ്ടുകളുടെ 60:40 അനുപാതത്തിൽ) കേരളത്തിൽ പരമ്പരാഗതകൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ) യും നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് |

| | | | |
|---|---|---|---|
| | | | ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകൾ വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. അങ്ങനെ 84000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കുന്നു. കൂടാതെ സംസ്ഥാന സർക്കാർ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10000 രൂപ നിരക്കിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി വഴി 50 ഏക്കർ വീതമുള്ള 624 ക്ലസ്റ്ററുകൾ രൂപീകരിച്ച് 12480 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കുന്നു. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും മേൽ പറഞ്ഞ രണ്ട് പദ്ധതിയിലുമായി ആകെ 96480 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നു. ടി കർഷകരുടെ ഉല്പന്നങ്ങൾ ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് എന്നിവ വഴി വിൽപന നടത്തുന്നു. |
| (ബി) | ഈ വർഷത്തെ ഓണം ഉത്സവനാളുകളിൽ നല്ല ഗുണമേന്മയുള്ളതും വിഷരഹിതവുമായ പച്ചക്കറി ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2021-22 വർഷത്തിൽ നടപ്പിലാക്കി വരുന്ന ബൃഹത്ത് പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി' പച്ചക്കറി ഉല്പാദനത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതി പ്രകാരം 50 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകൾ, 150 ലക്ഷം പച്ചക്കറി തൈകൾ എന്നിവ കർഷകർ, വിദ്യാത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് സൗജന്യമായി വിതരണം ചെയ്യുകയും ടിയാളുകളുടെ പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ പച്ചക്കറി കൃഷിയ്ക്ക് ജൈവകൃഷി രീതികൾക്ക് പ്രധാന്യം നല്കുന്നതിലൂടെ ഓണക്കാലത്ത് സുരക്ഷിത പച്ചക്കറി ലഭ്യമാക്കുകയും , അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറികളുടെ ഇറക്കുമതിയുടെ തോത് കുറയ്ക്കുന്നതിനും |

| | | | |
|---|---|---|---|
| | | | സാധിക്കുന്നുണ്ട്. കൂടാതെ ഓണത്തിനോട് അനുബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയുടെ ഭാഗമായി സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) ( കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം) യിൽ ഉൾപ്പെടുത്തി 25000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. കൂടാതെ ഈ വർഷത്തെ ഓണം ഉത്സവനാളുകളിൽ നല്ല ഗുണമേന്മയുള്ളതും വിഷരഹിതവുമായ പച്ചക്കറി ലഭ്യമാക്കുന്നതിനായി കൃഷിവകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവരുടെ ആഭിമുഖ്യത്തിൽ 2000 ഓണ വിപണികൾ സംഘടിപ്പിക്കുന്നു. ഈ വിപണികൾ വഴി കർഷകർ ഉല്പാദിപ്പിക്കുന്ന സുരക്ഷിതമായ പച്ചക്കറികൾ സംഭരിച്ച് വിതരണം നടത്തുവാൻ സാധിക്കും. |
| (സി) | പച്ചക്കറികളിലെയും പഴവർഗ്ഗങ്ങളിലെയും വിഷാംശം പരിശോധിക്കാൻ സംസ്ഥാനത്ത് സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | പച്ചക്കറികളിലെയും പഴവർഗ്ഗങ്ങളിലെയും വിഷാംശം പരിശോധിക്കാൻ സംസ്ഥാനത്ത് സംവിധാനം ഉണ്ട്, വിപണികളിൽ ലഭ്യമാകുന്ന പഴം, പച്ചക്കറികൾ സുരക്ഷിത ഭക്ഷണമാണെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), ഹോർട്ടികൾച്ചർ കോളേജ് വെള്ളാനിക്കര (തൃശ്ശൂർ), ആർ.എ.ആർ.എസ് മങ്കൊമ്പ് (ആലപ്പുഴ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബുകളിലെ ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശം ടി ലാബിൽ പരിശോധിച്ച് പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.inലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ